**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **16-09-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജിലെ നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ കീഴിൽ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം പുരോഗമിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സിവിൽ വർക്കുകൾ നിലവിൽ 35 ശതമാനവും, മദർ & ചൈൽഡ് ബ്ലോക്കിന്റെ സിവിൽ വർക്കുകൾ നിലവിൽ 45 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനും, ഇവിടങ്ങളിലേക്ക് ആവശ്യമായി വരുന്ന ഫർണീച്ചറും മറ്റു മെഡിക്കൽ ഉപകരണങ്ങളും സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; | (ബി) | പദ്ധതികളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടുന്നുണ്ട്. ആശുപത്രിയിലേക്കാവശ്യമായ ഫർണിച്ചറുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പട്ടിക തയ്യാറാക്കി വരുന്നു. |
| (സി) | പുതിയ ബ്ലോക്കുകളുടെ പ്രവർത്തനത്തിന് കൂടുതലായി വേണ്ടി വരുന്ന മനുഷ്യവിഭവശേഷി ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (സി) | പുതിയ ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ മനുഷ്യ വിഭവശേഷി ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ